കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,ജില്ലാ
ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ .എം.പി.എം.4/642/2017 .

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല
തീയതി.17-03-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-4 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ) / (പെർഫോമൻസ് ഓഡിറ്റ് )

3)കാര്യാലയ പകർപ്പ്

mac.3/17

നം കെ.എസ്.എ.എം.പി.എം . 4/642/2017 തിയ്യതി:17-03-2017

# മലപ്പുറം ജില്ലയിലെ, മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29-09-2015മുതൽ 06-03-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വി.കെ.ഷാജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-03-2017 മുതൽ 10-03-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| 01 | ശ്രീമതി . ഷീബ ഇസഡ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| 02 | ശ്രീ സന്തോഷ് പി ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 03 | ശ്രീ.അലി അക്ബർ .കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 04 | ശ്രീമതി രാജിമ എ സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കോയാമു ടി ടി | 01-04-15 മുതൽ 31-10-15 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി (സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് ,അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, സി ഡി പി ഒ) | 01-11-15 മുതൽ 18-11-15 വരെ |
| | സലീന ടീച്ചർ കെ | 19-11-15 മുതൽ 31-03-16 വരെ |
| സെക്രട്ടറി | മാമുക്കുട്ടി പി പി | 1-04-15 മുതൽ 31-03-16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എക്സിക്യൂട്ടീവ് | ശ്രീ ബാബു ചിന്നപ്പൻ | 01-04-2015മുതൽ |

| | | |
|---|---|---|
| എഞ്ചിനീയർ | | 03-10-2015വരെ |
| | | 04-10-2015 മുതൽ 04-12-2015 വരെ |
| | ശ്രീ സുൾഫീക്കർ എൻ | 05-12-2015 മുതൽ 31-03-16 വരെ |
| കൃഷി അസി. ഡയറക്ടർ | ശ്രീകല പി,അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ,മലപ്പുറം | 1-04-15 മുതൽ 30-06-2015 വരെ |
| | പ്രകാശ് പി എം ,അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ,മലപ്പുറം | 30-06-2015മുതൽ 14-09-2015വരെ |
| | ജയ ,അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ,മലപ്പുറം | 14-09-2015 മുതൽ 20-11-2015 വരെ |
| | ജയ്സൻ ബാബു എൻ , ,അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ,മലപ്പുറം | 20-11-2015 മുതൽ 08-12-2015 വരെ |
| | രമാദേവി ,അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ,മലപ്പുറം | 08-12-2015മുതൽ 01-02-2016 വരെ |
| | റോസ്ളി മാത്യൂ , അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ,മലപ്പുറം | 01-02-2016തൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ നസീമ മുബാറക് | 1-04-15 മുതൽ 25-10-15 വരെ |
| | ഡോ ഷീജ പന്തക്കലകത്ത് | 26-10-15 മുതൽ 05 -01-2016 വരെ |
| | ഡോക്ടർ ഉമ്മർ പള്ളിയാളി | 06-01-2016മുതൽ 31-03-2016വരെ |
| പട്ടികജാതി വികസന ഓഫീസർ | പ്രതിഭ വി | 01-04-15 മുതൽ 31-08-15വരെ |
| | മുനീർ റഹ്മാൻ | 01-09- 15മുതൽ 09-09-15വരെ |
| | അനിൽ കുമാർ സി | 10-09-15മുതൽ 31-03-2016വരെ |
| സി.ഡി.പി.ഒ | ശ്രീമതി ഭാർഗ്ഗവി | 01-04-15 മുതൽ 31-03-16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | രശ്മി ആർ | 01-04-15 മുതൽ 31-03-16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | രശീതി കളക്ഷൻ തുകയുടെ ഒടുക്ക വിവരം ലഭ്യമല്ല | 2-1 | |
| 13 | രശീതി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 2-2 | |
| 14 | ഒളുക്കങ്ങൽ വനിത വ്യവസായ വിപണന കേന്ദ്ര കെട്ടിട മുറികൾ വാടകക്ക് നൽകിയതിലെ അപാകങ്ങൾ | 2-3 | |
| 15 | ബ്ളോക്ക് പഞ്ചായത്ത് അധീനതയിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നു | 2-4 | |
| | ഭാഗം 3 | | |
| 16 | വനിത വ്യവസായ വിപണനകേന്ദ്രം പുതുതായി നിർമ്മിച്ച കെട്ടിടം പ്രവർത്തനം ആരംഭിച്ചില്ല | 3-1 | |
| 17 | ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ പെടാത്ത പ്രൊജക്റ്റ് പ്രകാരം ലൈസൻസില്ലാത്ത ഭിന്ന ശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകി - തുക തടസ്സം ചെയ്യുന്നു - 1652950.00 | 3-2 | |
| 18 | കരാറുടമ്പടി വെക്കാതെ മുഴവൻ തുകയും കൈമാറി - കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്നും 70489/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. തുടർ നടപടി അനിവാര്യം | 3-3 | |
| 19 | ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ പെടാത്ത പ്രൊജക്റ്റ് പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങി നൽകി - 13000.00 രൂപ തടസ്സം ചെയ്യുന്നു | 3-4 | |

| | | | |
|---|---|---|---|
| 20 | വികസന ഫണ്ടില് നിന്നും ജനറല് പർപ്പസ് ഗ്രാന്റ് അക്കൌണ്ടിലേക്ക് അടച്ച തുക - ഡി.ഡി യും ചലാനും ലഭ്യമാക്കിയിട്ടില്ല. | 3-5 | |
| 21 | ഘടക സ്ഥാപനം ബ്ലോക്കിന് കൈമാറിയതിന്റെ രേഖകൾ ലഭ്യമല്ല. | 3-6 | |
| 22 | ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പ്രവൃത്തികൾ-അപാകതകൾ | 3-7 | |
| 23 | IAY ഗ്രാമ പഞ്ചായത്ത് വിഹിതം ബ്ളോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്നു. | 3-8 | |
| ഭാഗം 4 | | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 27 | വായ്പ/ വായ്പ തിരിച്ചടവ | 4-4 | |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 04-03-2015തിയതിയിലെ 1(1) ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-16 | 30-07-16 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2015-16 | 07-03-2017 | അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. വാടക രജിസ്റ്റർ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല. വാടക വരവിനം വാരഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ലേല രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലേല വരവ് വാരഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ഷെഡ്യൂൾ B-18 പ്രകാരം 200 രൂപ പെർമനന്റ് അഡ്വാൻസ് ആയി വാർഷിക കണക്കിൽ കാണിച്ചിട്ടില്ല.
4. ബജറ്റ് ഫക്ഷൻ - ഫക്ഷനറി അടിസ്ഥാനത്തിൽ അല്ല തയ്യാറാക്കിയിട്ടുള്ളത്.
5. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
6. സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
7. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തിയുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. ഇന്ത്യൻ ബാങ്ക്, എം.ഡി.സി ബാങ്ക്, എന്നിവയുടെ പാസ്സ് ബുക്ക്, റീ കൺസിലിയേഷൻ പത്രികകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
9. ലോൺ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
10. 2014 – 2015 ഓഡിറ്റ് റിപ്പോർട്ടിൽ അക്കാലയളവിലെ അക്കൗണ്ടിലെ ചൂണ്ടിക്കാണിച്ച അപാകതകൾ നാളിതുവരെയും പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 25451529 |
| വരവ് | 86622978 |
| ആകെ | 112074507 |
| ചെലവ് | 84899720 |
| നീക്കിയിരിപ്പ് | 27174787 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2699213 | 26790000 | 29489213 | 27575202 | 1914011 | 93.50% |
| വികസനഫണ്ട് എസ്.സി.പി. | 0 | 6256000 | 6256000 | 5372000 | 884000 | 85.86% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 13000 | 13000 | 13000 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 252268 | 3906000 | 4158268 | 2707314 | 1450954 | 65.10% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | | - | - | - |
| പെർഫോമൻസ് ഗ്രാന്റ് | - | - | - | - | - | - |
| എം.എൻ.ആർ.ഇ.ജി.എസ്. | - | - | - | - | - | - |
| ബി ഫണ്ട് | - | - | - | - | - | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 61 | 39916481 | 57 | 35667516 | - | 4 | 93.44% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | -- | -- | -- | -- |
| നികുതിയേതര വരവുകൾ (വാടക, ടെണ്ടർ ഫോറം വില ,പലിശ | 168256 | 362366 | 194110 | +36.5% |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 4171105 | 3000000 | 1171105 | -58.16% |
| ആകെ | 4339361 | 3362366 | 976995 | -22.5% |

## 1-8 ക്ഷേമപദ്ധതികൾ

ക്ഷേമ പെൻഷൻ പദ്ധതികൾ ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07/03/2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 78400- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം തൃപ്തികരമല്ല. അപാകതകൾ താഴെ പറയുന്നു.

1. ഡേബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദിനേന പ്രിന്റൗട്ട് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2. സി.ഡി.പി ഒ, മെഡിക്കൽ ഓഫീസർ പി എച്ച് സി എന്നിവർ പ്രോജക്ട് രജിസ്റ്റർ, സബ്സിഡി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല
2. സി ഡി പി ഒ TR 7A കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/02/2017 | 1-04-2015 മുതൽ 31-01-2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-11-2013 | 01-04-2008 മുതൽ31-03-2013 വരെ | 02-01-2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി കളക്ഷൻ തുകയുടെ ഒടുക്കു വിവരം ലഭ്യമല്ല

2015-16ഓഡിറ്റിന്റെ ഭാഗമായുള്ള രശീതി പരിശോധനയിൽ താഴെ പറയുന്ന രശീതികളുടെ ഒടുക്കുവിവരം ലഭ്യമായില്ല

| രശീതി നമ്പർ | തീയതി | ഒടുക്കിയ ആളിന്റെ പേര് | ഒടുക്കിയ തുക |
|---|---|---|---|
| 563/3 | 10/8/15 | സക്കീന ,ഒതുക്കുങ്ങൽ | 11000 |
| 563/4 | 11/8/15 | ആയിഷ എം | 7000 |

| | | | |
|---|---|---|---|
| | | തേക്കിൻ കാട്<br>ഒതുക്കുങ്ങൽ | |
| 563/5 | 20/8/15 | റുഖിയ ,ഒതുക്കങ്ങൽ | 9000 |

കളക്ഷൻ തുകയുടെ ഒടുക്ക വിവരം ഓഡിറ്റിന് ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.9 തീയതി 09-03-2017 )മറുപടി ലഭ്യമായിട്ടില്ല. തുകയുടെ ഒടുക്കവിവരം ലഭ്യമാക്കേണ്ടതാണ്

.

## 2-2 രശീതി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ബ്ളോക്ക് പഞ്ചായത്തിൽ മാന്വൽ രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാംഖ്യ രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആ യതിൽ ഇഷ്യൂ ചെയ്യുന്നരശീതികളുടെ വിവരം ബാക്കിയുള്ള രശീതികളുടെ വിവരം എന്നിവ ചേർത്തിട്ടില്ല. രശീതികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 2-3 ഒതുക്കുങ്ങൽ വനിത വ്യവസായ വിപണന കേന്ദ്ര കെട്ടിട മുറികൾ വാടകക്ക് നൽകിയതിലെ അപാകങ്ങൾ

ബ്ളോക്ക് പഞ്ചായത്തിന്റെ അധീനതയിൽ ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വനിത വ്യവസായ വിപണന കേന്ദ്രത്തിലെ 12 മുറികളിൽ 7എണ്ണം വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും വാടക സംബന്ധിച്ച് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുകയുണ്ടായി

1 വാടക പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല

പ്രസ്തുത കെട്ടിടത്തിലെ 8/7D നമ്പർ കെട്ടിട മുറി ശ്രീമതി ഖൈറുന്നീസ എന്നവർക്ക് നൽകുകയും ടിയാരിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും ടിയാരിയിൽ നിന്നും 500 രൂപ വെച്ച് മൂന്ന് മാസത്തെ വാടക 1500 രൂപഅഡ്വാൻസായി1140610010 DT 29/1/15 നമ്പർ രശീതി പ്രകാരം ഈടാക്കിയതിന് ശേഷം തുടർന്നുള്ള മാസങ്ങളിലെ വാടക ഈടാക്കിയിട്ടില്ല .

2 വാടക വൈകി അടവാക്കുമ്പോൾ നിയമാനുസൃത പിഴ ഈടാക്കുന്നില്ല

ഒതുക്കുങ്ങൽ വനിത വ്യവസായ വിപണന കേന്ദ്രത്തിലെ മുറികൾ വാടകക്ക് എടുത്തവർ വാടക കൃത്യമായി അടക്കാതെ വൈകി അടക്കുന്ന സാഹചര്യത്തിൽ അവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നില്ല .ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| വാടകക്കാരന്റെ പേര് | വാടകക്ക് നൽകിയ മുറിയുടെ നമ്പർ, | വാടക | അടക്കേണ്ട മാസം ,തുക | അടച്ചമാസം<br>തുക,രശീതി നമ്പർ |
|---|---|---|---|---|
| സുബൈദ ടി ടി<br>തട്ടാരത്തൊടിഹൗസ്<br>മറ്റത്തൂർമുണ്ടമ്പത്ത് | 8/7E | 1500 | 1/15 മുതൽ 6/15 വരെ<br>9000 | 9000<br>RT NO 89/21/3/16 |
| സുബൈദ ടി ടി<br>തട്ടാരത്തൊടിഹൗസ്<br>മറ്റത്തൂർമുണ്ടമ്പത്ത് | 8/7E | 1500 | 7/15 മുതൽ 12/15 വരെ<br>9000 | 9000<br>15/7/16<br>രശീതി നമ്പർ ലഭ്യമല്ല |
| സുബൈദ ടി ടി<br>തട്ടാരത്തൊടിഹൗസ്<br>മറ്റത്തൂർമുണ്ടമ്പത്ത് | 8/7E | 1500 | 1/16മുതൽ 3/16 വരെ<br>4500 | 4500<br>7/11/16<br>രശീതി നമ്പർ ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| രോഷ്നി വാക്യത്ത് വക്യത്ത് ഹൗസ് മറ്റത്തൂർ,ഒതുക്കുങ്ങൽ | 8/7k,8/7L | 1500X2 | 11/15<br>3000 | 5/3/16<br>രശീതി നമ്പർ ലഭ്യമല്ല |
| രോഷ്നി വാക്യത്ത് വക്യത്ത് ഹൗസ് മറ്റത്തൂർ,ഒതുക്കുങ്ങൽ | 8/7k,8/7L | 1500X2 | 12/15,1/16,2/16<br>3000X 3 | 9000<br>8/3/16<br>രശീതി നമ്പർ ലഭ്യമല്ല |
| രോഷ്നി വാക്യത്ത് വക്യത്ത് ഹൗസ് മറ്റത്തൂർ,ഒതുക്കുങ്ങൽ | 8/7k,8/7L | 1500X2 | 3/16<br>3000 | 3000<br>13/7/16<br>രശീതി നമ്പർ ലഭ്യമല്ല |

വാടക വൈകി അടവാക്കുമ്പോൾ നിയമാനുസൃത പിഴ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല

5 വാടക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വാടക ഡിമാന്റ് രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ഓഡിറ്റ് വർഷം ലഭിക്കേണ്ട വാടക ,കളക്ഷൻ, കുടിശ്ശിക എന്നിവ സംബന്ധിച്ച് കണക്കുകൾ സൂക്ഷിക്കുകയോ ആയത് പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല

6 വാടക വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നില്ല

ഒതുക്കുങ്ങൽ വനിത വ്യവസായ വിപണന കേന്ദ്രത്തിലെ 12 മുറികളിൽ 7 എണ്ണം മാത്രമേ വാടകക്ക് നൽകിയിട്ടുള്ളു .അതിൽ 8/7B,C എന്നീ മുറികൾ റുഖിയ ,ഒതുക്കുങ്ങൽ എന്നവർക്ക് നൽകാൻ ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും ടിയാരി എഗ്രിമെന്റ് വെക്കാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത മുറികൾ വാടകക്ക് നൽകാൻ ബ്ളോക്ക് പഞ്ചായത്ത് ശ്രമിച്ചിട്ടില്ല

7 വാടക ക്കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല

ബ്ളോക്ക് പഞ്ചായത്ത് വാടകക്കാരനുമായി ഏർപ്പെടുന്നകരാറിൽ നിശ്ചയിച്ച വാടകയുടെ 10% കൂടിയ നിരക്കിലുള്ള വാടകക്ക് വാടകക്കാരനു ആവശ്യമെങ്കിൽ തുടർന്നുള്ള ഓരോ വർഷവും കരാർ പുതുക്കി നൽകാം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും കരാർ പുതുക്കി നൽകുമ്പോൾ കെട്ടിടങ്ങളുടെ വാടക നിരക്കിൽ മാറ്റമില്ലാതെ തുടരുന്നതായി കാണുന്നു

വാടകക്കരാറിലെ വ്യവസ്ഥ 2(2)ൽ വാടകക്കാരൻ കെട്ടിടത്തിനും വളപ്പിനും നൽകേണ്ടുന്ന എല്ലാകരവും ചാർജ്ജുകളും നികുതികളും ചെലവുകളും നൽകുകയും തീർക്കുകയും വഹിക്കുകയും ചെയ്യുന്നതാണ് എന്നും കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സർവ്വീസ് ടാക്സ് നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് ഈടാക്കിയതായി കാണുന്നില്ല

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.4 തീയതി 08-03-2017 )മറുപടി ലഭ്യമായിട്ടില്ല. വാടക പിരിവ് കാര്യക്ഷമമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്

## 2-4 ബ്ളോക്ക് പഞ്ചായത്ത് അധീനതയിലുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നു

GO (RT) 3025/2007/ത സ്വ ഭ വ തീയതി 7/11/2007 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 (എച്ച് )എന്നിവ പ്രകാരം പഞ്ചായത്ത് /നഗരസഭ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളെ കെട്ടിടനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്നാൽ ബ്ളോക്ക് പഞ്ചായത്ത്ഉടമസ്ഥതയിൽ ഒതുത്തുങ്ങൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വനിത വ്യവസായ വിപണന ്കേന്ദ്രം എന്നകെട്ടിട ത്തിലെ പന്ത്രണ്ട് മുറികൾക്ക് 2014 -15 വ്ർഷം 14620 രൂപയും 2015-16 വർഷം 27933 രൂപയും വസ്തു

നികുതി ഇനത്തിൽ ബ്ളോക്ക പഞ്ചായത്ത് ഒടുക്കിയിട്ടുണ്ട് . ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറിനമ്പർ 7 തീയതി 8-3-2017 ) മറുപടി ലഭ്യമായിട്ടില്ല. കെട്ടിട നികുതി ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വനിത വ്യവസായ വിപണനകേന്ദ്രം പുതുതായി നിർമ്മിച്ച കെട്ടിടം പ്രവർത്തനം ആരംഭിച്ചില്ല

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് 3723906 രൂപ ചെലവഴിച്ച് അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർവഹണഉദ്യോഗസ്ഥനായി ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ വിപണനകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്.(പ്രോജെക്റ്റ് നംമ്പർ SOO42/16). 2015-16 വർഷം ബിൽ നംമ്പർ 24/15-16 തി 31-12-15 പ്രകാരം 2518161 രൂപ ഇതിനു വേണ്ടി ചെലവഴിച്ചിട്ടുണ്ട്. വാടകയ്ക്ക് നൽകിയ മുറികളിലെ വാടക പിരിവിൽ അപാകതകളുണ്ട്. മേൽ സാഹചര്യത്തിൽ നിർമ്മിച്ച നിലയിലെ മുറികളെല്ലാം അടഞ്ഞു കിടക്കുന്നതായി 8-3-17 ന് അസിസ്റ്റന്റ് എക്സി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു.

എസ്റ്റിമേറ്റ് പ്രകാരം ബോർഡ് സ്ഥാപിക്കുവാൻ 2000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ബോർഡ് സ്ഥാപിച്ചതായി സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞില്ല. 2000 രൂപ നിർവഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.കെട്ടിടം ഉറന്നു പ്രവർത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ പെടാത്ത പ്രൊജക്റ്റ് പ്രകാരം ഡ്രൈവിംഗ് ലൈസൻസില്ലാത്ത ഭിന്ന ശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകി - തുക തടസ്സം ചെയ്യുന്നു - 1652950.00

നിർവ്വഹണം : സി.ഡി.പി.ഒ

ബിൽ നമ്പർ : 2/15-16 14.12.2015 തുക. 1652950.00

പ്രൊജക്റ്റ് നമ്പർ : S0018/16 – ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം(സൈഡ് വീൽ ഉള്ള സ്കൂട്ടർ) നൽകൽ

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994, 172-ാം വകുപ്പ് (1)-ാംഉപവകുപ്പ് നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ അർപ്പിതമായ മേഖലാ ചുമതല, സാമൂഹ്യ ക്ഷേമ മേഖലയിൽ, ഐ.സി.ഡി.എസ് കൾ നടത്തുക എന്നുള്ളത് മാത്രമാണ്. എന്നാൽ, ആക്ടിന് വിരുദ്ധമായി ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം നൽകൽ എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് 1652950/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആക്റ്റിനു വിരുദ്ധമായ പ്രൊജക്റ്റ് ആയതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

പ്രൊജക്റ്റ് നിർവ്വഹണം നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ബ്ലോക്കിന്റെ പരിധിയിൽ പെട്ട കോഡൂർ, ആനക്കയം, പൂക്കോട്ടൂർ, ഒതുക്കങ്ങൽ, മൊറയൂർ, പൊൻമള എന്നീ 6 പഞ്ചായത്തുകളിലെ 24 ഗുണഭോക്താക്കൾക്കാണ് മുച്ചക്ര വാഹനം വിതരണം ചെയ്തത്. പൂക്കോട്ടൂർ പഞ്ചായത്തിലെ ആലിക്കുട്ടി എന്ന ഗുണഭോക്താവിന് മാത്രമാണ് മോട്ടോർ വാഹന വകുപ്പിന്റെ ഡ്രൈവിംഗ് ലൈസൻസ് ഉള്ളത്. നിരത്തിലിറക്കാൻ ഉദ്ദേശിച്ച് നൽകിയ വാഹനം ഡ്രൈവിംഗ് ലൈസൻസില്ലാതെ ഉപയോഗിക്കാൻ കഴിയില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

2. 24 ഗുണഭോക്താക്കളിൽ 4 പേർ മാത്രമാണ് മോട്ടോർ വാഹന വകുപ്പിൽ വാഹനം രജിസ്റ്റർ ചെയ്ത രേഖകൾ ഹാജരാക്കിയത്.

| ക്രമ നം. | പേര് | വാഹന നമ്പർ | പഞ്ചായത്ത് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീ. സോമൻ | KL-55-S-5920 | പൊൻമള ഗ്രാ. പ |
| 2 | ശ്രീ. പരമേശ്വരൻ | KL-52-J-3561 | ഒതുക്കുങ്ങൽ ഗ്രാ. പ |
| 3 | ശ്രീ. അനിൽ കുമാർ | KL-10-AU-4552 | പൂക്കോട്ടൂർ ഗ്രാ. പ |
| 4 | ശ്രീമതി. നിഷ. സി | KL-10-AU-4770 | പൂക്കോട്ടൂർ ഗ്രാ. പ |

3. 24 വാഹനങ്ങളും വാങ്ങിയിട്ടുള്ളത് കെൽട്രോണിൽ(കുറ്റിപ്പുറം) നിന്നുമാണ്. മഹീന്ദ്രയുടെ സ്കൂട്ടർ കെൽട്രോൺ നിർമിക്കുന്നില്ല. മഹീന്ദ്ര സ്കൂട്ടറിൽ സൈഡ് വീലുകൾ ഘടിപ്പിച്ച് സ്കൂട്ടർ ഒന്നിന് 68873/- രൂപ പ്രകാരം 24 എണ്ണത്തിന് 1652950/- രൂപ നൽകിയത്. ഹാജരാക്കിയ ബില്ലിൽ വാറ്റ് തുക ഇല്ല. സംസ്ഥാന സർക്കാരിന് കിട്ടേണ്ട വാറ്റിനത്തിലെ വരുമാനവും നഷ്ടമായി. സ്ഥാപനം വാറ്റ് അടക്കുന്നതായ വിവരവും ഹാജരാക്കിയ ബില്ലിൽ നിന്നും വ്യക്തമല്ല.

ആക്ടിന് വിരുദ്ധമായ പ്രൊജക്ടിലൂടെ ചെലവഴിച്ച തുക മേൽ അപാകതകൾ കാരണം ഉദ്ദേശലക്ഷ്യവും കൈവരിച്ചിട്ടില്ല എന്നു കാണുന്നു. ചെലവു തുക 1652950/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ( ഓഡിറ്റ് എൻക്വയറി 3/07.03.17 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് രജിസ്ട്രേഷൻ, ലൈസൻസ് സംബന്ധമായ രേഖകൾ പിന്നീട് ഹാജരാക്കുമെന്നാണ് അറിയിച്ചത് ).

## **3-3** കരാറുടമ്പടി വെക്കാതെ മുഴുവൻ തുകയും കൈമാറി - കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്നും **70489/-** രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. തുടർ നടപടി അനിവാര്യം.

പ്രൊജക്റ്റ് നമ്പർ : S0020/16 , പൂക്കോട്ടൂർ സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ : 2/15-16 തീയതി18.03.16 , 400000.00 MG(NR)

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി പൂക്കോട്ടൂർ ) നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പ്രൊജക്റ്റ് പ്രകാരം അടങ്കൽ തുകയായ 400000.00 രൂപയും തിരുവനന്തപുരം കാരുണ്യ മെഡിസിൻ ഡിപ്പോക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. കരാറുടമ്പടി വെക്കാതെയാണ് തുക കൈമാറിയത്.( രശീതി നമ്പർ: 29556/26.04.16). മരുന്നിന്റെ ആവശ്യകത, ലഭ്യത എന്നിവ മനസ്സിലാക്കാതെയാണ് മരുന്നിനായി പദ്ധതിപണം ചെലവഴിച്ചിട്ടുള്ളത്. 5 തവണയായി ആകെ 329511.00 രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് തീയതിയായ 08.03.2017 ന് പോലും 70489.00 രൂപയുടെ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കുന്ന്തു വരെ 70489.00 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി 6/08.03.2017ന് ലഭിച്ച മറുപടിയിൽ, മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-4** ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ പെടാത്ത പ്രൊജക്റ്റ് പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങി നൽകി - **13000.00** രൂപ തടസ്സം ചെയ്യുന്നു

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : S0049/16, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങൽ

അടങ്കൽ : 13000.00 ( വികസന ഫണ്ട് - ടി.എസ്.പി )

ബിൽ നമ്പർ : 27/16, തീയതി. 26/03/2016, ചെലവ് തുക. 13000.00 രൂപ.

മേൽ പ്രൊജക്ട് പ്രകാരം, ആനക്കയം ഗ്രാമ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അലമാര വാങ്ങി നൽകിയിട്ടുണ്ട്.

മേൽ പ്രൊജക്ടിലെ അപാകതകൾ താഴെ പറയുന്നു.

1. 1. 1. റിനീഷ് . പി. , പാടത്തും കണ്ടിൽ വീട്.

   2. രേഷ്മ . സി. , പാടത്തും കണ്ടിൽ വീട്.

1. രേഷ്മ . സി. യുടെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും , വിദ്യാർത്ഥിയാണെന്നുള്ള സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2. കേരള പഞ്ചായത്ത് രാജ് ആക്ട് 1994, 172-ാം വകുപ്പ് (1)-ാംഉപവകുപ്പ് നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തിൽ അർപ്പിതമായ മേഖലാ ചുമതല പ്രകാരം; പ്രീ-മെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക, പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണസംഘങ്ങൾ നടത്തുക എന്നുള്ളത് മാത്രമാണ്, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന മേഖലയിൽ, ബ്ലോക്ക് പഞ്ചായത്തിന് ചെയ്യാവുന്ന പ്രവർത്തികൾ. എന്നാൽ, ആക്ടിന് വിരുദ്ധമായി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങൽ എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് 13000.00 രൂപ ചെലവഴിച്ചിട്ടുണ്ട്. . ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കണമെന്ന, മേൽ പട്ടികയിലെ നിർദ്ദേശവും നിർവ്വഹണോദ്യോഗസ്ഥൻ പാലിച്ചിട്ടില്ല. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങൽ പ്രൊജക്ട്, ആനക്കയം ഗ്രാമ പഞ്ചായത്തും , നടപ്പിലാക്കിയിട്ടുണ്ടോ, ഇല്ലയോ, എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല. ആക്ടിനു വിരുദ്ധമായ പ്രൊജക്ട് ആയതിനാൽ ചെലവു തുക, 13000.00 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ( ഓഡിറ്റ് എൻക്വയറി നമ്പർ 8/09.03.2017 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല ).

## 3-5 വികസന ഫണ്ടില് നിന്നും ജനറല് പർപ്പസ് ഗ്രാന്റ് അക്കൌണ്ടിലേക്ക് അടച്ച തുക - ഡി.ഡി യും ചലാനും ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ : S0005/16 (കേരളോത്സവം)

നിർവ്വഹണോദ്ധ്യോഗസ്ഥൻ : സെക്രട്ടറി

ബില് നമ്പർ :28/16/26.03.16, 50000 രൂപ.

കേരളോത്സവം നടത്തിപ്പിനായി, ജനറൽ പർപ്പസ് ഗ്രാന്റ് അക്കൌണ്ടിൽ നിന്നും 50000.00 രൂപ അഡ്വാൻസ് ആയി അനുവദിച്ചിട്ടുണ്ട്. ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നമ്പർ സി.403/2016/14.03.16 പ്രകാരം കേരളോത്സവ ചെലവുകൾക്കായി, ജനറൽ പർപ്പസ് ഗ്രാന്റ് അക്കൌണ്ടില് നിന്നും അനുവദിച്ച 50000/- രൂപ വികസന ഫണ്ടില് നിന്നും ജനറൽ പർപ്പസ് ഗ്രാന്റ് അക്കൌണ്ടിലേക്ക് അടച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത ഡി.ഡി യും ചലാനും ലഭ്യമാക്കിയിട്ടില്ല. മേൽ, രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 ഘടക സ്ഥാപനം ബ്ലോക്കിന് കൈമാറിയതിന്റെ രേഖകൾ ലഭ്യമല്ല.

ഒരേ സ്ഥാപനത്തിന്, ഗ്രാമ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ചുമതല നിർവ്വഹിക്കുന്നു. പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് അവർക്ക് കൈമാറിയ സ്ഥാപനമെന്ന പേരിൽ പൂക്കോട്ടൂർ പി.എച്ച്.സി ക്കായി മേഖല ചുമതല നിർവ്വഹിച്ച് വരുന്നു. മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പൂക്കോട്ടൂർ സി.എച്ച്. സി എന്ന പേരിൽ ഇതേ സ്ഥാപനത്തിന് മേഖലാ ചുമതല നിർവ്വഹിച്ചു വരുന്നു. കത്തിടപാടുകളിലും മറ്റും പി.എച്ച്.സി എന്ന് ചേർക്കുന്ന ഈ സ്ഥാപനം ആരുടെ ഘടക സ്ഥാപനമാണെന്ന് ഇനിയും തീർപ്പായിട്ടില്ല. ഉറപ്പു വരുത്തി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-7 ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കിയ പ്രവൃത്തികൾ-അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ 2015-16 വർഷത്തിൽ ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കിയ പ്രവൃത്തികളുടെ നിർവഹണത്തിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1 ഗുണഭോക്തൃ സമിതി ചെയർമാൻ,കൺവീനർ എന്നിവരുടെ പേരിൽ

സംയുക്ത ബാങ്ക് അക്കൗണ്ട് തുറക്കണമെന്നും എല്ലാ പണമിടപാടുകളും

അക്കൗണ്ട് വഴി നടത്തണമെന്നുമാണ് നിബന്ധന .എന്നാൽ അക്കൗണ്ട്

ആരംഭിച്ചതിന്റെ വിവരങ്ങളോ പാസ്ബുക്കോ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

2 ഗുണഭോക്തൃ സമിതികളിൽ മൂന്നിലൊന്ന് വനിതകളായിരിക്കണമെന്ന

നിബന്ധന പാലിച്ചിട്ടില്ല.

3 ഒരാഴ്ചയിൽ ഒന്ന് എന്ന തോതിൽ മസ്റ്റർ റോൾ സൂക്ഷിച്ചിട്ടില്ല.മസ്റ്റർ റോളിൽ തീയതി വെച്ച് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

4 നിശ്ചിത മാതൃകയിലുള്ള വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.ഗുണഭോക്തൃ സമിതിയുടെ വരവ് ചെലവ് കണക്ക്,ബില്ലുകൾ,മസ്റ്റർറോൾ എന്നിവ സൂക്ഷ്മപരിശോധന നടത്തുന്നില്ല.

5കൺവീനറുടെ ദൈനംദിന ഡയറി എഴുതി സൂക്ഷിച്ചിട്ടില്ല.

6ഗുണഭോക്തൃ കമ്മിറ്റിയുമായുണ്ടാക്കിയ കരാറിൽ സാക്ഷികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല

7 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന അഞ്ചു ലക്ഷം രൂപ മൂല്യമുള്ള പ്രവൃത്തികളിൽ ഒരു സാങ്കേതിക വിദഗ്ധന്റെ സേവനം ഗുണഭോക്തൃ സമിതികളിൽ ഉൾപ്പെടുത്തണമെന്നും പ്രവൃത്തികളുടെ ഗുണനിലവാരം ടിയാൻ ഉറപ്പുവരുത്തുകയും വേണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

8 നിർമ്മാണ സാധനങ്ങൾ വാങ്ങുന്നതിന് താരതമ്യ പഠനം നടത്തുകയോ ക്വട്ടേഷൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.നിയമാനുസൃത നികുതി അടവാക്കിയ ബില്ലിന്റെ അഭാവത്തിലാണ് പല നിർമ്മാണ സാമഗ്രികളും വാങ്ങിയിട്ടുള്ളത്.

9 പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ ലഭിച്ചശേഷം ഗുണഭോക്താക്കളുടെ പൊതുയോഗം വിളിച്ച് വരവ് ചെലവ് കണക്ക്

അവതരിപ്പിച്ചശേഷം പ്രവൃത്തി നിർവഹണകമ്മിറ്റി പിരിച്ചുവിടുകയും

സംയുക്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ്. അക്കൗണ്ടിൽ

ബാക്കിയുള്ള സംഖ്യ പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. എന്നാൽ പാസ്ബുക്ക് ഹാജരാക്കാത്തതിനാൽ

ഇക്കാര്യം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

## 3-8 IAY ഗ്രാമ പഞ്ചായത്ത് വിഹിതം ബ്ളോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്നു.

IAY ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിലും എസ് സി അധിക വിഹിതമിനത്തിലും ബ്ളോക്ക് പഞ്ചായത്തിന് നൽകിയ താഴെ പറയുന്ന തുക ബ്ളോക്ക് പഞ്ചായത്ത്അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്നു വിശദ വിവരം ചുവടെ കൊടുക്കുന്നു

| ഗ്രാമപഞ്ചായത്ത് | ടാർജറ്റ് (എസ് സി) | എഗ്രിമെന്റ് വെച്ച് ഗുണഭോക്താക്കളുടെഎണ്ണം | നൽകിയ തുക | നൽകേണ്ടതുക | അധികം |
|---|---|---|---|---|---|
| കോഡൂർ | 20 | 12 | 260000 | 240000 | 20000 |
| കോഡൂർ(അധിക വിഹിതം) | 20 | 12 | 375000 | 300000 | 75000 |

| ആകെ | | | | | 95000 |
|---|---|---|---|---|---|

അധികമായി ലഭിച്ച വിഹിതം ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.5 തീയതി 8-3-2017) മറുപയി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നും അധിക വിഹിതമിനത്തിൽ ലഭിച്ച തുക തിരികെ നൽകി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി | സ.ഉ നം. (കൈ) 332/13 /തസ്വഭവ | 16644000.00 | 3610888.00 | 3599700.00 | -- | 11188.00 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവില്ല.

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 1999-2000 | 40 | 2001-02 | വാട്ടർ ഫിൽട്ടർ സ്ഥാപിക്കൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ ) | 112074507.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84899720.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1736439.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2000.00 | ശ്രീ. സുൾഫിക്കർ. എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1652950.00 | ശ്രീമതി. ഭാർഗവി, സി.ഡി.പി.ഒ |
| 3-3 | 70489.00 | ഡോ.ഉമ്മർ പള്ളിയാളി. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-4 | 13000.00 | ശ്രീ. മാമുക്കുട്ടി. പി.പി, സെക്രട്ടറി |
| ആകെ | 1736439 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മാമുക്കുട്ടി.പി.പി, സെക്രട്ടറി | ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി,<br>മലപ്പുറം | വടക്കേ പറമ്പിൽ ഹൗസ്,<br>മണാശ്ശേരി പി.ഒ,<br>കോഴിക്കോട്. |
| ശ്രീ. സുൾഫിക്കർ.എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., പെരിന്തൽമണ്ണ ബ്ലോക്ക്. | നാലകത്ത് ഹൗസ്, വെസ്റ്റ് കോഡൂർ പി.ഒ., മലപ്പുറം. |
| ഡോ. ഉമ്മർ പള്ളിയാളി. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പൂക്കോട്ടൂർ. | നഹ് മ മൻസിൽ, മോങ്ങം, മലപ്പുറം. |
| ശ്രീമതി. ഭാർഗവി, സി.ഡി.പി.ഒ | സി.ഡി.പി.ഒ,(അഡീഷണൽ), മലപ്പുറം. | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | എൽ.എഫ്.എം.4/3285/14 തി.31.12.2014 | 1 |
| 2000-01 | എൽ.എഫ്.എം.4/1078/12 തി.15.06.2012 | 21 |
| 2001-02 | എൽ.എഫ്.എം.4/3285/14(2) തി.31.12.2014 | 1 |
| 2003-04 | എൽ.എഫ്.എം.4/3285/14(4) തി.31.12.2014 | 7 |
| 2004-05 (ചെലവ്) | എൽ.എഫ്.എം.4/3285/14(5) തി.31.12.2014 | 3 |
| 2005-06 (ചെലവ്) | എൽ.എഫ്.എം.4/3285/14(6) തി.31.12.2014 | 24 |
| 2006-07 (ചെലവ്) | എൽ.എഫ്.എം.4/3285/14(7) തി.31.12.2014 | 18 |
| 2007-08 (ചെലവ്) | എൽ.എഫ്.എം.4/3285/14(8) തി.31.12.2014 | 23 |
| 2008-09 | എൽ.എഫ്.എം.4/3285/14(9) തി.31.12.2014 | 15 |
| 2009-10 | എൽ.എഫ്.എം.4/3285/14(10) തി.31.12.2014 | 10 |
| 2010-11 | എൽ.എഫ്.എം.4/3285/14(11) തി.31.12.2014 | 12 |
| 2011-12 | എൽ.എഫ്.എം.4/3285/14(12) തി.31.12.2014 | 7 |
| 2012-13 | എൽ.എഫ്.എം.4/1127/14 തി.29.01.2016 | 3 |
| 2013-14 | എൽ.എഫ്.എം.4/3311/14 തി.09.01.2015/24.01.2015 | 5 |

| | | |
|---|---|---|
| 2014-15 | എൽ.എഫ്.എം.4/2506/15 തി.25.01.2016 | 3 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# **5-1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം. 4/642/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.09-03-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ, 01.04.15 മുതൽ 31.10.2015 വരെയുള്ള വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, മലപ്പുറം ബ്ളോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

## **5-2**

# **AUDIT CERTIFICATE**

No. KSA/MPM.4/642/2017

Kerala State Audit Department

District Audit Office

Malappuram
Dated: 09-03-2017

Certified that I have Audited the Annual Financial Statement of Malappuram Block Panchayat in Malappuram District for the year 2015-16 from 01.04.15 to 31.10.2015 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Malappuram Block Panchayat in Malappuram District for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Senior Deputy Director,

Kerala State Audit Department.

mac.3/17